ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.11.2024**

## പ്രധാന വാർത്തകൾ

**TIME : 12.50 PM**

1. പുനരുപയോഗ ഊർജ്ജ രംഗത്ത് ഇന്ത്യ ചരിത്രപരമായ മുന്നേറ്റം നടത്തിയതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി. അന്താരാഷ്ട്ര സൗരോർജ സഖ്യ അസംബ്ലിയുടെ 7-ാമത് സമ്മേളനം കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.

   **Union Minister Pralhad Joshi said that India has made historic progress in the field of renewable energy. The Union Minister inaugurated the 7th session of the International Solar Alliance Assembly in New Delhi.**

2. വ്യാപാരം, വിദ്യാഭ്യാസം, പ്രവാസിക്ഷേമം എന്നിവയിലുള്ള ഇന്ത്യാ- ഓസ്ട്രേലിയ ബന്ധം ശക്തിപ്പെടുത്തുന്നതിന് ബ്രിസ്ബേണിൽ പുതിയ ഇന്ത്യൻ കോൺസുലേറ്റ് സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

   **External Affairs Minister S Jaishankar said that the new Indian consulate in Brisbane will help strengthen India-Australia relations in trade, education and expatriate welfare.**

3. ഉത്തരാഖണ്ഡിലെ അൽമോഡ ജില്ലയിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞ് 23 മരണം. സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി.

   **In Uttarakhand, 23 dead after bus falls into the trench in Almora district. Chief Minister Pushkar Singh Dhami has announced an investigation into the incident.**

4. ഝാർഖണ്ഡ് - മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. കേരളത്തിൽ ഉപതിരഞ്ഞെടുപ്പിന് ഭിന്നശേഷിക്കാർക്കും 85 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും ഹോംവോട്ടിംഗ് സംവിധാനത്തിന് തുടക്കം.

**Campaigning for the Jharkhand - Maharashtra assembly elections is in full swing. Kerala starts home voting system for differently-abled persons and people above 85 years of age for by-election.**

5. കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ സംഘടിപ്പിക്കുന്ന കോൺസുലർ ക്യാമ്പുകൾക്ക് സുരക്ഷ ശക്തമാക്കണമെന്ന് ഇന്ത്യ.

**India asks to strengthen security at consular camps organized by Indian High Commission in Canada**

$$$$$$$$$$$$$$$$$$$$$$$$$$$$

**PRALHAD JOSHY–INTRO**

*പുനരുപയോഗ ഊർജ്ജ രംഗത്ത് ഇന്ത്യ വളരെ വലിയ മുന്നേറ്റം നടത്തിയതായി കേന്ദ്ര ഊർജ്ജമന്ത്രി പ്രൽഹാദ് ജോഷി. ചരിത്രത്തിന്റെ നാഴികക്കല്ലാകും വിധമുള്ള നേട്ടങ്ങൾ ഇതിനകം തന്നെ രാജ്യത്തിന് കൈവരിക്കാനായെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര സൗരോർജ സഖ്യ അസംബ്ലിയുടെ 7-ാമത് സമ്മേളനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകായായിരുന്നു കേന്ദ്രമന്ത്രി.*

*(ഹോൾഡ്)*

*37.5 ജിഗാവാട്ട് പുനരുപയോഗ ശേഷിയുള്ള 50 സോളാർ പാർക്കുകൾക്ക് സർക്കാർ അംഗീകാരം നൽകിയതായും മന്ത്രി വ്യക്തമാക്കി.*

$$$$$$$$$$$$$$$$$$$$$$$$$$$$

## UTTARAKHAND ACCIDENT

ഉത്തരാഖണ്ഡിലെ അൽമോഡ ജില്ലയിൽ ബസ് കൊക്കയിലേക്ക് മറിഞ്ഞ് 23 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. ഗഢ്വാളിൽ നിന്ന് കുമഊനിലേക്കുള്ള യാത്രാമധ്യേ ആയിരുന്നു അപകടം. മരണസംഖ്യ ഇനിയും ഉയർന്നേക്കാമെന്നാണ് റിപ്പോർട്ട്. 40 ഓളം യാത്രക്കാരുമായി പോയ ബസാണ് 200 അടി താഴ്ചയിലേക്ക് മറിഞ്ഞത്. അപകടത്തിൽ മുഖ്യമന്ത്രി പുഷ്കർ സിങ് ധാമി ദുഖം രേഖപ്പെടുത്തി. സംഭവത്തിൽ മുഖ്യമന്ത്രി അന്വേഷണവും പ്രഖ്യാപിച്ചു. പൊലീസ്, സംസ്ഥാന ദുരന്ത പ്രതികരണ സേന എന്നിവർ സ്ഥലത്തെത്തി രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതമാക്കി. ഗുരുതര പരിക്കുകളുള്ളവരെ അവശ്യമെങ്കിൽ വ്യോമമാർഗ്ഗം ആശുപത്രിയിൽ എത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി ശ്രീ ധാമി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## CDS-ALGERIA

ഉഭയകക്ഷി പ്രതിരോധ സഹകരണം സംബന്ധിച്ച ധാരണാപത്രത്തിൽ ഇന്ത്യയും അൾജീരിയയും ഇന്ന് ഒപ്പുവച്ചു. ഇരു രാജ്യങ്ങൾക്കുമിടയിൽ പ്രതിരോധ പങ്കാളിത്തം, പരസ്പര ധാരണ, തന്ത്രപരമായ താൽപര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിന് ധാരണാപത്രം സഹായകമാകും. സൈന്യത്തിന്റെയും ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ സംയുക്ത സേനാ മേധാവി അനിൽ ചൗഹാനും പീപ്പിൾസ് നാഷണൽ ആർമി ചീഫ് ഓഫ് സ്റ്റാഫ് സെയ്ദ് ചനെഗൃഹയും ഒപ്പുവച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## INDIA AND ZAMBIA

കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗിന്റെ രണ്ടു ദിവസത്തെ സാംബിയൻ സന്ദർശനത്തിന് നാളെ തുടക്കമാകും. സന്ദർശന വേളയിൽ ഇന്ത്യ- സാംബിയ സംയുക്ത സ്ഥിരം കമ്മീഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ ചർച്ചയാകും. സാംബിയൻ വിദേശകാര്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-സാംബിയ ബിസിനസ് റൗണ്ട് ടേബിൾ കോൺഫറൻസിലും കേന്ദ്ര സഹമന്ത്രി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## PM– JHARKHAND

ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് ഝാർഖണ്ഡിലെ ഗർഹ്വയിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യു. ഉച്ചയ്ക്ക് ചായ്ബാസയിൽ പൊതുയോഗത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും. അതേസമയം ഝാർഖണ്ഡിൽ, സംസ്ഥാന നേതാക്കളെയും പ്രവർത്തകരെയും അണിനിരത്തി ശക്തമായ പ്രചാരണമാണ് കോൺഗ്രസ്സും നടത്തുന്നത്. ഈ മാസം 13, 20 തീയതികളിൽ രണ്ട് ഘട്ടങ്ങളിലായാണ് ഝാർഖണ്ഡിൽ വോട്ടെടുപ്പ് നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## MAHA – ELECTION

മഹാരാഷ്ട്ര നിയമസഭ തിരഞ്ഞെടുപ്പിലെ നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കഴിഞ്ഞ 30-ന് നടന്ന സൂക്ഷ്മ പരിശോധനയിൽ 288 മണ്ഡലങ്ങളിലായി 7,994 സ്ഥാനാർത്ഥികളുടെ പത്രികകൾക്ക് സാധുതയുള്ളതായി കണ്ടെത്തി. ഈ മാസം 20-ന് ഒറ്റ ഘട്ടമായാണ് മഹാരാഷ്ട്രയിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. ഭരണകക്ഷിയായ മഹായുതിയും പ്രതിപക്ഷത്തെ മഹാ വികാസ് ആഘാഡിയുമാണ് മത്സര രംഗത്തെ പ്രമുഖ രാഷ്ട്രീയ കക്ഷികൾ.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## BYELECTION HOME VOTE

കേരളത്തിൽ ഉപതെരഞ്ഞെടുപ്പുകളിൽ ഭിന്നശേഷിക്കാർക്കും 85 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും വീട്ടിൽ നിന്ന് വോട്ട് ചെയ്യാൻ അവസരം നൽകുന്ന ഹോം വോട്ടിങ് സംവിധാനത്തിന് ഇന്ന് തുടക്കം. മുൻകൂട്ടി അപേക്ഷിച്ച 868 പേർക്ക് പാലക്കാട് നിയമസഭ ഉപതിരഞ്ഞെടുപ്പിൽ ഹോം വോട്ടിങിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## BYELECTION

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലും പ്രചാരണം

ഊർജ്ജിതമായി മുന്നേറുന്നു. ഈ മാസം 11 ന് വൈകിട്ട് പരസ്യ പ്രചാരണം അവസാനിക്കും. 13 നാണ് വോട്ടെടുപ്പ്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

$$$$$$$$$$$$$$$$$$$$$$$$$$$$$$

**CANADA –MEA**

കാനഡയിലെ ഒട്ടാവയിലെ ഇന്ത്യൻ ഹൈ കമ്മീഷനിലും വാൻകൂവയിലെയും ടൊറന്റോയിലേയും കോൺസുലേറ്റ് ജനറലിനും സുരക്ഷ ശക്തമാക്കണമെന്ന് ഇന്ത്യ. കഴിഞ്ഞ ദിവസം കാനഡയിലെ ബ്രാംപ്ടണിൽ ഹിന്ദു ക്ഷേത്രത്തിന് മുന്നിൽ ഖലിസ്ഥാൻ വാദികൾ നടത്തിയ പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിലാണ് ഹൈക്കമ്മീഷൻ സംഘടിപ്പിച്ച് വരുന്ന കോൺസുലാർ ക്യാമ്പ് പരിപാടിക്ക് സുരക്ഷ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഒട്ടാവയിലെ ഹൈകമ്മീഷൻ പ്രസ്താവന പുറത്തിറക്കിയത്. പരിപാടികൾക്ക് സുരക്ഷ ശക്തമാക്കണമെന്ന് നേരത്തെ തന്നെ ഇന്ത്യ ആവശ്യപ്പെട്ടിരുന്നു. ഇത്തരം അനിഷ്ട സംഭവങ്ങളിൽ ആശങ്ക ഉള്ളതായും ഹൈകമ്മീഷൻ അറിയിച്ചു. പരിപാടിൽ പങ്കെടുക്കുന്ന അപേക്ഷകരുടെയും ഇന്ത്യക്കാരുടെയും സുരക്ഷയിലും ഇന്ത്യ ആശങ്ക രേഖപ്പെടുത്തി. ഇത്തരം ഇന്ത്യ വിരുദ്ധ പ്രശ്നങ്ങൾക്കിടയിലും കോൺസുലേറ്റ് 1000-ത്തിലേറെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യതായി ഹൈക്കമ്മീഷൻ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

***JAISHANKAR –QUEENSLAND (INTRO)***

*ഓസ്ട്രേലിയൻ സന്ദർശനം തുടരുന്ന വിദേശകാര്യ മന്ത്രി എസ് ജയശങ്കർ, ക്വീൻസ് ലാൻഡിലെ ബ്രിസ്ബേണിൽ ഇന്ത്യൻ കോൺസുലേറ്റ് ഇന്ന് ഔപചാരികമായി ഉദ്ഘാടനം ചെയ്യു. വ്യാപാരം, വിദ്യാഭ്യാസം, പ്രവാസിക്ഷേമം എന്നിവയിലുള്ള ഇന്ത്യാ- ഓസ്ട്രേലിയ ബന്ധം ശക്തിപ്പെടുത്തുന്നതിന് കോൺസുലേറ്റ് സഹായകമാകുമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ അറിയിച്ചു. ക്വീൻസ്ലൻഡ് ഗവർണർ ഡോ. ജീനറ്റ് യംഗുമായും കേന്ദ്രമന്ത്രി കൂടിക്കാഴ്ച നടത്തി. ഇന്ത്യയും ക്വീൻസ് ലാൻഡും*

*തമ്മിലുള്ള സാമ്പത്തിക, വ്യാപാര, നിക്ഷേപ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയായി.*

*(വോയിസ്)*

$$$$$$$$$$$$$$$$$$$$$$$$$$$$$$

## PM-BHASHA GAURAV SAPTAH

അസമിൽ ഭാഷാ ഗൗരവ് സപ്താഹ് ആചരിക്കുന്ന വേളയിൽ ജനങ്ങൾക്ക് ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇന്നലെ ആരംഭിച്ച സപ്താഹ് ഈ മാസം ഒൻപത് വരെ നീണ്ടു നിൽക്കും. അസമീസ് ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുക്കുന്നതിൽ ജനങ്ങൾ വഹിച്ച പങ്കിന്റെ ഓർമ്മപ്പെടുത്തലാണ് സപ്താഹ് എന്നും അസം മുഖ്യമന്ത്രി ഹിമന്ദ ബിസ്വ ശർമ്മയുടെ പോസ്റ്റ് പങ്കുവയ്ച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## RAILWAYS SPECIAL TRAINS

ഉത്സവ സീസണിലെ തിരക്ക് കണക്കിലെടുത്ത് ഇന്ന് ഡൽഹിയിൽ നിന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് 25 ഓളം സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നു. വാരണാസി, അയോധ്യ, ലഖ്നൗ, പട്ന, ഇൻഡോർ, തിരുവനന്തപുരം തുടങ്ങിയ ഇടങ്ങളിലേക്കുള്ള പ്രത്യേക ട്രെയിനുകൾ ഉൾപ്പടെയാണിത്. ഈ മാസം 2 മുതൽ 8 വരെ 145 അധിക സ്പെഷ്യൽ ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ടെന്ന് റെയിൽവേ അറിയിച്ചു. ഈ ഉത്സവ സീസണിൽ ഏഴായിരത്തോളം പ്രത്യേക ട്രെയിനുകളാണ് റെയിൽവേ ഏർപ്പെടുത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$$$$$$

## SAHA RETIREMENT

ഇന്ത്യൻ ക്രിക്കറ്റ് താരം വൃദ്ധിമാൻ സാഹ വിരമിക്കൽ പ്രഖ്യാപിച്ചു. ഇപ്പോൾ നടക്കുന്ന രഞ്ജി ട്രോഫി സീസൺ തന്റെ കരിയറിലെ അവസാന ഫൈനലായിരിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. പശ്ചിമ ബംഗാളിൽ നിന്നുള്ള വിക്കറ്റ് കീപ്പറും -ബാറ്ററുമായ സാഹ 2010ലാണ് അന്താരാഷ്ട്ര ക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ചത്. തുടർന്ന് 40 ടെസ്റ്റുകളും ഒമ്പത് ഏകദിനങ്ങളും കളിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$

## HOCKEY CHAMPIONSHIP

പതിനാലാമത് ഹോക്കി ഇന്ത്യ സീനിയർ പുരുഷ ദേശീയ ചാമ്പ്യൻഷിപ്പിന് ചെന്നൈയിൽ തുടക്കമായി. ടൂർണമെന്റിൽ 31 ടീമുകൾ മത്സരിക്കും. 13-ന് ക്വാർട്ടർ ഫൈനലും 15-ന് സെമിമത്സരങ്ങളും നടക്കും. ഈ മാസം 16 നാണ് ഫൈനൽ.

$$$$$$$$$$$$$$$$$$$$$$$$$$$$

## MP-COMPENSATION

മധ്യപ്രദേശിൽ വന്യ മൃഗ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം എട്ട് ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ബാന്ധവ്ഗർഹ് കടുവാ സങ്കേതത്തിൽ കാട്ടാനയുടെ ആക്രമണത്തിൽ രണ്ടു പേർ കൊല്ലപ്പെട്ട പശ്ചാത്തലത്തിലാണ് ധനസഹായം വർദ്ധിപ്പിച്ചത്. ആനയെ പിന്നീട് വനംവകുപ്പ് അധികൃതർ പിടികൂടി.

$$$$$$$$$$$$$$$$$$$$$$$$$$$$

## IMD WEATHER

തമിഴ്നാട്, പുതുച്ചേരി, കേരളം, കാരക്കൽ, മാഹി എന്നിവിടങ്ങളിൽ ഇന്ന് ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ ചൊവ്വാഴ്ച കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$
$$$$$$$$
$$$$